# ചരിത്രം ഒരു സമരായുധം

ചരിത്രം ഒരു സമരായുധമാണ് എന്ന തിരിച്ചറിവ് ലോകമെമ്പാടുമുള്ള എല്ലാ മാനവികതാവാദികൾക്കുമുണ്ട്. അവനവനെ കഴിഞ്ഞ കാലവുമായും വർത്തമാനകാലവുമായും ബന്ധിപ്പിക്കുന്ന ഊർജ്ജവും ആത്മവിശ്വാസവുമാണ് അത്. എല്ലാ ജനാധിപത്യ വിശ്വാസികളുടെയും പ്രവർത്തനങ്ങൾക്ക് വെള്ളവും വളവുമാകുന്ന വാക്യമാണ് മേല്പറഞ്ഞത്.

ഇന്ന് നമ്മളെന്താണ് എന്ന് മനസ്സിലാക്കാൻ ഇന്നലെകളിൽ നമ്മൾ എന്തായിരുന്നു എന്നറിയണം. ചരിത്രം നല്കുന്ന അറിവിന്റെ പ്രാധാന്യം അതാണ്. ഇങ്ങനെയുള്ള തിരിച്ചറിവുകൾ ഉണ്ടാകുന്നതിനു മുമ്പ്, കുട്ടിക്കാലം മുതൽ കേട്ടറിഞ്ഞതും കണ്ടതുമെല്ലാം കൗതുകം നിറഞ്ഞ ജിജ്ഞാസ ഉണ്ടാക്കിയിരുന്നു. മയ്യഴി മറ്റ് ദേശങ്ങളിൽനിന്ന് വ്യത്യസ്തമാണെന്ന് തോന്നിത്തുടങ്ങിയിരുന്നു. അത് ഒരുപക്ഷെ, ഫ്രഞ്ചുകാർ കാരണമായിരിക്കാം. പഴയ കാലത്തിന്റെ കഥകളറിയാവുന്ന മുതിർന്ന നിരവധി വ്യക്തികളുമായി ഇടപഴകാൻ അവസരം കിട്ടിയപ്പോൾ ചരിത്രപുസ്തകങ്ങൾ പറയാത്ത, കാണിച്ചുതരാത്ത ഒരു ലോകം എന്റെ കൺമുന്നിൽ വിരിഞ്ഞുവരികയായിരുന്നു.

മയ്യഴിയെക്കുറിച്ചുള്ള കൗതുകം മനസ്സിൽ നിറഞ്ഞിരുന്ന കാലത്താണ് മയ്യഴിയുടെ ചരിത്രകാരൻ സി. എച്ച്. ഗംഗാധരൻ മാഷുടെ പുസ്തകം പ്രസിദ്ധീകരിക്കപ്പെടുന്നത്. അതുവരെ കേട്ടുകേൾവികളും ഭാവനകളും മാത്രമായിരുന്ന ദേശത്തിന്റെ പഴയകാലം യുക്തിഭദ്രമായ ചരിത്രമായി മാറുന്നത് അതോടെയാണ്. അദ്ദേഹവും കുട്ടിക്കാലം മുതൽ മനസ്സിൽ കൊണ്ടുനടന്നതിനെ, തനിക്ക് ഏറ്റവും പ്രിയപ്പെട്ട ഒന്നിനെ എഴുത്തിലേക്ക് പകരുകയായിരുന്നു.

അത് പ്രണയിനിക്കെഴുതുന്ന അനുരാഗപത്രങ്ങൾ പോലെ ഒളിഞ്ഞിരുന്നും മറഞ്ഞിരുന്നുമാണ് എഴുതിയിരുന്നതെന്ന് *മയ്യഴി*ക്ക് അവതാരികയെഴുതിയ മയ്യഴിയുടെ ഇതിഹാസകാരൻ എം. മുകുന്ദൻ എഴുതിയിട്ടുണ്ട്.

എഴുത്തുകാരനാവാൻ സ്വപ്നത്തിൽപോലും വിചാരിച്ചിട്ടില്ലാത്ത ഞാൻ ഈ പുസ്തകവുമായി വരുമ്പോൾ സി. എച്ചിനെക്കുറിച്ച് മുകുന്ദേട്ടൻ പറഞ്ഞ അതേ കാര്യങ്ങൾ തന്നെയാണ് സംഭവിച്ചത്. വക്കീൽ എന്ന നിലയിൽ ജോലിചെയ്യുമ്പോൾ കൈകാര്യം ചെയ്യുന്ന കേസുകൾ പലതും പഴയ രേഖകൾ നോക്കാൻ കാരണമായിട്ടുണ്ട്. സി. എച്ച് എഴുതിയതിനപ്പുറം കൗതുകകരമായ പലതും പഴയ രേഖകളുടെ കൂമ്പാരത്തിൽനിന്ന് എന്റെ മുന്നിൽ തെളിഞ്ഞുവന്നിട്ടുണ്ട്. അതൊന്നും കടലാസിൽ പകർത്താൻ ധൈര്യമോ കഴിവോ എനിക്കില്ല. കോടതി എഴുത്തിന്റെ രീതി അതിനു പറ്റിയതല്ല. കൂട്ടുകാരോട് പലരോടും പഴയ കൗതുകങ്ങളെക്കുറിച്ച് പറയാറുണ്ട്. കുട്ടിക്കാലം മുതൽ ശേഖരിച്ച പഴയ വസ്തുക്കളുടെ ഒരു ശേഖരം എന്റെ വീട്ടിലുണ്ട്. കൗതുകകരമായ പഴയത് എവിടെയെങ്കിലും ഉണ്ടെന്നറിഞ്ഞാൽ അത് കാണാതെ മനഃസമാധാനം കിട്ടില്ലെന്ന അവസ്ഥയാണ്. കൗതുകവസ്തുക്കൾ കണ്ടെത്തിയ സുഹൃത്തുക്കൾ അവ എനിക്കായി കരുതിവെക്കും. അങ്ങനെ എനിക്ക് കിട്ടിയ വസ്തുക്കളിലൊന്ന് ഫ്രഞ്ചുകാരുടെ കാലത്തെ തെരുവുവിളക്കാണ്. *മയ്യഴിപ്പുഴയുടെ തീരങ്ങളി*ലെ കുഞ്ചക്കൻ തുടച്ചുവെടിപ്പാക്കി എണ്ണയൊഴിച്ച് കത്തിച്ച വിളക്കുകളിലൊന്ന്. മറ്റൊന്ന് മേയർ സഹദേവൻ വക്കീലിന്റെ ഔദ്യോഗികവേഷത്തിന്റെ ഭാഗമായ വാളാണ്.

തൊഴിൽ, രാഷ്ട്രീയപ്രവർത്തനം, പൊതുതാല്പര്യഹരജികൾ എന്നിവയുമായി കഴിയുന്ന ഘട്ടത്തിൽ മറന്നുപോകാതിരിക്കാൻ എഴുതിയിട്ട ചെറിയ കുറിപ്പുകളിൽ നിന്നാണ് ഈ പുസ്തകം ഉണ്ടാകുന്നത്. കൊല്ലം, ആളുകളുടെ പേരുകൾ, ചില വിശദാംശങ്ങൾ എന്നിങ്ങനെയുള്ള വിത്തും വേരുമില്ലാത്ത കുറേ ചെറുകുറിപ്പുകൾ. ഈ കുറിപ്പുകളിൽനിന്ന് ഒരു പുസ്തകം ഉണ്ടാകുമെന്ന് വിചാരിക്കാൻ ആവില്ല. പക്ഷെ, അത് സാധിക്കുമെന്ന് പറഞ്ഞത്, കോളേജ് വിദ്യാർത്ഥിയായിരിക്കെ എന്റെ സീനിയറായിരുന്ന മഹേഷ് മംഗലാട്ടാണ്. ഇടയിൽ ചില വിശദാംശങ്ങൾ ചേർത്താൽ എന്റെ കുറിപ്പുകൾ പുസ്തകമാകും എന്ന് അപ്പോഴും ഞാൻ വിചാരിച്ചിരുന്നില്ല. പക്ഷെ, അദ്ധ്യയങ്ങൾ തിരിച്ച്, കുറിപ്പുകൾ ക്രമപ്പെടുത്തിയപ്പോൾ

മാത്രമാണ് അതെനിക്ക് ബോദ്ധ്യമായത്. ചെമ്പകം ഡിജിറ്റൽ സൊല്യൂഷൻസിലെ കുട്ടികളെ പണി ഏല്പിക്കുന്നതും അതിന് മേൽനോട്ടം വഹിച്ചതും, ഇത് സ്വന്തം ഉത്തരവാദിത്തമാണ് എന്ന വിചാരത്തോടെ മഹേഷ് മാഷ് തന്നെ. ആവശ്യപ്പെടുന്ന വിവരങ്ങൾ എത്തിച്ചുകൊടുക്കുകയെന്നത് എന്റെ പണി. അതിന്റെ കോപ്പി എഡിറ്റ് ചെയ്ത് പാകപ്പെടുത്തുക മാഷും ചെമ്പകം ഡിജിറ്റൽ സൊല്യൂഷൻസിലെ കുട്ടികളും. ഈ പുസ്തകം എന്റേത് എന്നതു പോലെ അവരുടേതുമാണ്.

പുസ്തകത്തെക്കുറിച്ച് പറഞ്ഞപ്പോൾ സുഹൃത്തുക്കളാരും നിരുത്സാഹപ്പെടുത്തിയില്ല. മാത്രമല്ല, ആകാവുന്നിടത്തോളം ചരിത്രരേഖകളും പുസ്തകങ്ങളും കണ്ടെത്തി സഹായിക്കുകയും ചെയ്തു. മയ്യഴിയുടെ ചരിത്രവും രാഷ്ട്രീയമായ പോരാട്ടത്തിലൂടെ മയ്യഴി സ്വാതന്ത്ര്യം നേടുന്നതും ഈ പുസ്തകത്തിന്റെ ഭാഗമാണ്. പുതുച്ചേരി അസംബ്ലിയുടെയും മുനിസിപ്പാലിറ്റികളുടെയും ചരിത്രമാണ് വേറൊരു വിഷയം. ഇത്തരം കാര്യങ്ങൾ അന്വേഷിക്കുമ്പോഴാണ് വളരെ പണ്ടൊന്നുമല്ലാത്ത കാലത്ത് ഇവയിലൊക്കെ നിർണ്ണായകമായ പങ്കുവഹിച്ച നമ്മുടെ പൂർവ്വികരിൽ പലരും ഓർമ്മകളിൽപ്പോലുമില്ല എന്ന് മനസ്സിലാകുന്നത്. അത് കുറിച്ചു വെക്കുക എന്നത് എന്റെ ഉത്തരവാദിത്തമായി ഏറ്റെടുത്തു. ഇത് ആർക്കും ചെയ്യാവുന്നതാണ്. ആർക്കും ചെയ്യാവുന്നത് ആരും ചെയ്യില്ല എന്നതാണല്ലോ സത്യം.

നിങ്ങൾ രാഷ്ട്രീയത്തിൽ ഇടപെട്ടില്ല എങ്കിലും രാഷ്ട്രീയം നിങ്ങളുടെ ജീവിതത്തിൽ ഇടപെടും എന്ന് ലെനിൻ പറഞ്ഞിട്ടുണ്ട്. പുതുച്ചേരിയിലെയും മാഹിയിലെയും രാഷ്ട്രീയം ഇത് ബോദ്ധ്യപ്പെടുത്തും. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും കോൺഗ്രസ്സിന് നഷ്ടപ്പെട്ടാലും ഒരിക്കലും നഷ്ടപ്പെടാൻ വിദൂരസാദ്ധ്യതപോലും ഇല്ലാതിരുന്ന പുതുച്ചേരി നഷ്ടമായത് ഒരു രാത്രി ഇരുട്ടിവെളുക്കുമ്പോഴേക്കും ആയിരുന്നു. ഒരുകാലത്ത് മാസാവസാനം ആകുമ്പോൾ യൂണിയനിലെ ബന്ധുക്കൾ റേഷൻ അരിയും മണ്ണെണ്ണയും വാങ്ങാൻ മാഹിയിലെ ബന്ധുക്കളുടെ റേഷൻ കാർഡ് തേടി വരുമായിരുന്നു. ഇപ്പോൾ കേരളത്തിലെ റേഷൻ അരിക്കായി മാഹിയിലെ ബന്ധുക്കൾ കാത്തിരിക്കുകയാണ്. മാത്രമല്ല സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം പുനഃസ്ഥാപിക്കാൻ സമരത്തിലുമാണ്. എല്ലാ ഇടവഴികളും താറിട്ട റോഡായി മാറിയ മയ്യഴിയെ നോക്കി, ജീവിക്കുകയാണെങ്കിൽ

മാഹിയിൽ ജീവിക്കണം എന്ന് പറഞ്ഞിടത്ത് നിന്ന് മാഹിയിലെ ഇടവഴികളിലേക്ക് ഓട്ടോറിക്ഷക്കാർ വരാത്ത കാലത്തിലേക്ക് നാം എത്തിയിരിക്കയാണ്. നമ്മൾ രാഷ്ട്രീയത്തിൽ ഇടപെട്ടില്ലെങ്കിലും രാഷ്ട്രീയം നമ്മുടെ വീട്ടുമുറ്റത്തും അടുക്കളയിലും എത്തും.

ഇതിനപ്പുറം ജനങ്ങളുടെ ദുരിതം പതിറ്റാണ്ടുകളായി കൺമുന്നിൽ കണ്ടിട്ടും പരിഹരിക്കാത്ത അവസ്ഥയുമുണ്ട്. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി അത്തരം വിഷയങ്ങൾ ഏറ്റെടുത്ത് പൊതുതാല്പര്യഹരജികളുമായി പോകാനും അനുകൂലമായ ഫലങ്ങൾ ഉണ്ടാക്കാനും സാധിച്ചത് ജീവിതത്തിലെ ധന്യതയായി കണക്കാക്കുന്നു. ദേശത്തിന്റെ കഥയോടൊപ്പം അക്കാര്യം ഈ പുസ്തകത്തിൽ ചേർത്തുവെക്കുന്നത് രാഷ്ട്രീയത്തിന്റെ ക്രൂരമായ നിസ്സംഗതയെക്കുറിച്ച് രേഖപ്പെടുത്താനാണ്.

വ്യക്തിപരമായ ഒരു സ്വകാര്യം ഇവിടെ പങ്കുവെക്കട്ടെ: എന്റെയൊരു സുഹൃത്തിന്റെ മകന് കുറച്ചുകാലം മുമ്പ് മാരകമായൊരു അസുഖം ബാധിച്ചു. തിരുവനന്തപുരത്താണ് ചികിത്സ. ചിലവേറിയ ചികിത്സയ്ക്കായി നാട്ടുകാരും സുഹൃത്തുക്കളും ചികിത്സാസഹായ കമ്മറ്റി രൂപീകരിച്ചു. കുട്ടിയുടെ ചികിത്സയുടെ കാര്യങ്ങൾ ആശുപത്രി അധികാരികളുമായി ബന്ധപ്പെട്ട് അന്വേഷിച്ചിരുന്നത് ഇന്നത്തെ കേരള മുഖ്യമന്ത്രി സഖാവ് പിണറായി വിജയനായിരുന്നു. ദൗർഭാഗ്യവശാൽ ഒരു ഘട്ടത്തിൽ ചികിത്സ വിഫലമാവുകയാണെന്ന് എല്ലാവരും കരുതി. ഹോസ്പിറ്റലിലെ ഡോക്ടർമാരും അങ്ങനെ വിധിയെഴുതി. ചികിത്സാസഹായ കമ്മറ്റിയുടെ മുന്നിലും ഇത് വലിയ ചോദ്യചിഹ്നമായിരുന്നു. ചെലവ് കുറഞ്ഞ മറ്റൊരു ആശുപത്രിയിലേക്ക് മാറ്റാമെന്ന് എല്ലാവരും തീരുമാനിച്ചു. ഈ വിവരം വിജയേട്ടനെ വിളിച്ചറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ ആ കുട്ടിയുടെയും കുടുംബത്തിന്റെയും മാത്രമല്ല എന്റെയും ജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കി. അദ്ദേഹം പറഞ്ഞത് ഇങ്ങിനെയായിരുന്നു: "ഒരു ഹോസ്പിറ്റലിന്റെ നിഗമനത്തിൽ നമ്മൾ തീരുമാനം എടുക്കരുത്. നമ്മളൊരു ദൗത്യം ഏറ്റെടുത്താൽ അത് പൂർത്തിയാക്കാൻ ഏതറ്റം വരെയും പോകണം." ആ കുട്ടിയുടെയും കുടുംബത്തിന്റെയും ജീവിതം തന്നെ മാറ്റിമറിച്ച വാക്കായിരുന്നു അത്. ഇന്ന് ആ കുട്ടി രോഗത്തെ അതിജീവിച്ച് ആറക്ക ശമ്പളത്തോടെ ജീവിക്കുന്നതിന്റെ പിന്നിലെ ചാലകശക്തി ആ വാക്കായിരുന്നു.

പാതിവഴിയിൽ ഉപേക്ഷിച്ച പോകുമായിരുന്ന എന്റെ പല ദൗത്യങ്ങളുടെ പൂർത്തീകരണത്തിൽ സഖാവ് പിണറായി വിജയന്റെ വാക്കുകൾ എന്നെ ഉത്തേജിപ്പിച്ചിട്ടുണ്ട്. ഏറ്റെടുത്ത ദൗത്യം എത്ര പ്രയാസകരമായിരുന്നാലും അതിൽനിന്ന് പിന്തിരിയരുത് എന്ന വാക്കാണ് മുനിസിപ്പൽ ഇലക്ഷന് വേണ്ടിയുള്ള ഇനിയും അവസാനിച്ചിട്ടില്ലാത്ത പോരാട്ടത്തിൽ എനിക്ക് കരുത്തായിരുന്നതെന്ന് ഹൃദയപൂർവ്വം അറിയിക്കട്ടെ.

ഈ പുസ്തകവുമായി ബന്ധപ്പെട്ട് കടപ്പാടുകളുടെ നീണ്ട നിര തന്നെയുണ്ട്. മുനിസിപ്പൽ തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള കേസുകളിൽനിന്നാണ് ഈ പുസ്തകത്തിന്റെ ആദ്യത്തെ കുറിപ്പുകൾ പിറക്കുന്നത്. മുൻസിപ്പാലിറ്റിയിൽ ജോലിചെയ്തിരുന്ന, ഇപ്പോൾ നമ്മളോടൊപ്പമില്ലാത്ത ഒ. പി. ചന്ദ്രനും പരിസ്ഥിതിപ്രവർത്തകനായി ഇപ്പോഴും നിറഞ്ഞുനില്ക്കുന്ന പുഷ്പരാജുമാണ് ആദ്യമായി എടുത്തുപറയേണ്ട പേരുകൾ. അവരാണ് പൊതുതാല്പര്യഹരജി ഫയൽ ചെയ്യാൻ എനിക്ക് പ്രേരണയായത്. പഴയകാലവുമായി ബന്ധപ്പെട്ട പല വിവരങ്ങളും അറിയുന്നത് ദീർഘകാലം മുൻസിപ്പലിറ്റിയിൽ ജോലിചെയ്ത കെ. പി. ദിനേശിൽ നിന്നാണ്. അതുപോലെ, പുതുച്ചേരി മുൻ ഡപ്യൂട്ടി സ്പീക്കറായ പി. കെ. സത്യാനന്ദൻ സഹജമായ ചരിത്രകൗതുകത്തോടെ പഴയകാലമയ്യഴിയിലെ രാഷ്ട്രീയവിശേഷങ്ങൾ പറഞ്ഞുതന്നിരുന്നു. നൂറ്റിപത്തഞ്ച് ദിവസം നീണ്ടുനിന്ന ടാഗോർ പാർക്ക് പാട്ടക്കരാർ റദ്ദ് ചെയ്യാനുള്ള റിലേ നിരാഹാരസമരം നടക്കുമ്പോൾ ഞങ്ങൾക്ക് ആവേശംപകർന്ന് കൂടെയുണ്ടായിരുന്ന സ്വാതന്ത്ര്യസമരസേനാനികളായ കേളോത്ത് മാധവക്കുറുപ്പ്, പ്രൊഫ. പി. ശിശുപാൽ, വളവിൽ ദാമോദരൻ തുടങ്ങിയവർ വിമോചനസമരകാലഘട്ടത്തിലെ പല സംഭവങ്ങളും അക്കാലത്ത് ഓർത്തുപറയുമായിരുന്നു. ഇതിന്റെ ഓർമ്മകൾ തീർച്ചയായും പുസ്തകമെഴുത്തിനു പിന്നിലെ പ്രേരണയായിട്ടുണ്ട്. നാലുപുരയിൽ കുടുംബാംഗങ്ങളായ ചക്രപാണി വക്കീലും എൻ. വി. ജനാർദ്ദനൻ മാസ്റ്ററും ഫ്രഞ്ചുകാരുടെ കാലത്തെ രസകരവും കൗതുകകരവുമായ നിരവധി വിവരങ്ങൾ പകർന്നുതന്നിട്ടുണ്ട്. സ്കൂൾ-കോളേജ് പഠനകാലത്ത് പുത്തലത്ത് നടന്ന സംവാദങ്ങൾ കമ്യൂണിസ്റ്റ് പാർട്ടി വിമോചനസമരത്തിൽ വഹിച്ച പങ്കിനെക്കുറിച്ച് മനസ്സിലാക്കാൻ എന്നെ സഹായിച്ചിട്ടുണ്ട്. പല കാലങ്ങളിൽ, പല ഇടങ്ങളിൽനിന്ന് പലരും പകർന്നുതന്ന വിവരങ്ങൾ കാലാന്തരത്തിൽ ഈ പുസ്തകത്തിലെ ഉള്ളടക്കത്തിന്റെ ഭാഗമായി.

വിവരങ്ങൾ തന്ന പേരെടുത്ത് പറഞ്ഞിട്ടില്ലാത്തവർ ഉൾപ്പെടെ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

നേരത്തെ പറഞ്ഞതുപോലെ, എന്റെ കുറിപ്പുകളിൽ നിന്ന് ഒരു പുസ്തകത്തെ കണ്ടെടുക്കുകയും അതിന്റെ ഘടനയും എഴുത്തുരീതിയും നിർദ്ദേശിച്ചുകകയും ചെയ്തത് ഡോ. മഹേഷ് മംഗലാട്ടാണ്. ജ്യേഷ്ഠതുല്യനായ മാഷോടുള്ള കൃതജ്ഞത വാക്കുകളിൽ ഒതുക്കുന്നില്ല. ഡാറ്റ എൻട്രി, കോപ്പി എഡിറ്റിംഗ്, കോഡിംഗ് എന്നീ പ്രവർത്തനങ്ങളുമായി ചെമ്പകം ഡിജിറ്റൽ സൊല്യൂഷൻസിലെ വൈഷ്ണ ജനീഷ് ക്ഷമാപൂർവ്വം തുടക്കംമുതൽ ഉണ്ടായിരുന്നു. പുസ്തകത്തിന്റെ ആദ്യത്തെ കോപ്പി വായിച്ച് നിർദ്ദേശങ്ങൾ നല്കി ഉദാരമായ പ്രോത്സാഹനം നല്കിയ അനിൽ പള്ളൂരിനെയും ശ്രദ്ധാപൂർവ്വം പ്രൂഫ് നോക്കി ആവർത്തനങ്ങൾ ചൂണ്ടിക്കാണിക്കുകയും പദപ്രയോഗങ്ങളിലെ അഭംഗി തീർക്കുകയും ചെയ്ത മാഹി മഹാത്മാ ഗാന്ധി ഗവ. ആർട്സ് കോളേജ് മലയാളവിഭാഗത്തിലെ വി. എം. മനോജിനെയും കൃതജ്ഞതാപൂർവ്വം ഓർമ്മിക്കുന്നു. മയ്യഴിയുമായി ബന്ധപ്പെട്ടതെല്ലാം ശേഖരിച്ച് ഡിജിറ്റൽരൂപത്തിലാക്കി സൂക്ഷിക്കുന്ന സി. എച്ച്. പ്രദീപ്കുമാറിന്റെ ശേഖരത്തിൽനിന്നുള്ള നിരവധി ചിത്രങ്ങൾ അദ്ദേഹം ഈ പുസ്തകത്തിനായി സന്തോഷപൂർവ്വം തന്നു. അതുപോലെ യാദൃച്ഛികമായി കടന്നുവന്ന് തയ്യാറായിക്കഴിഞ്ഞ അദ്ധ്യായങ്ങൾ ഓടിച്ചുനോക്കി അനുമോദനങ്ങൾകൊണ്ട് എന്റെ ആത്മവിശ്വാസത്തെ ഉണർത്തിയ പ്രിയസുഹൃത്ത് ടി. കെ. സജിത്ത്കുമാറിനോടുള്ള കടപ്പാട് വാക്കുകളിൽ ഒതുങ്ങില്ല.

എല്ലാ കടപ്പാടുകളും മനസ്സിൽ സൂക്ഷിച്ചുകൊണ്ട് മയ്യഴിയെക്കുറിച്ചുള്ള ഈ ചെറുപുസ്തകം വിനയപുരസ്സരം വായനക്കാർക്ക് സമർപ്പിക്കുന്നു.

മയ്യഴി
20 ഫെബ്രുവരി 2026.

സ്നേഹപൂർവ്വം,
അഡ്വ. ടി. അശോക് കുമാർ